ओ३म्

# ദയാനന്ദ സന്ദേശം

*വെള്ളിനേഴി ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)**

**വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!**



**പുസ്തകം : 1 ലക്കം 4 വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 ആശ്വിനം – കാർത്തികം 1189 കന്നി – തുലാം 2013 ഒക്ടോബർ**



## മുഖവാണി

## 33 കോടി ദേവതകളുടെ രഹസ്യം

**സ**ത്യാർത്ഥ പ്രകാശമെന്ന അമരഗ്രന്ഥത്തിന്റെ പതിനൊന്നാം സമുല്ലാസത്തിന്റെ അനുഭൂമികയിൽ മഹർഷി ദയാനന്ദൻ പറയുന്നു. "അയ്യായിരം വർഷങ്ങൾക്ക് മുമ്പ് വൈദികമതമല്ലാതെ മറ്റൊരു മതവും ഇല്ലായിരുന്നുവെന്ന് തീർച്ചയാണ്. വേദോക്തമായതെല്ലാം വിദ്യാവിരുദ്ധമല്ലാത്തതാണ്. വേദങ്ങളുടെ പ്രചാരം നിലച്ചത് മഹാഭാരതയുദ്ധം നിമിത്തമായിരുന്നു. വേദപ്രചാരം നിലച്ചപ്പോൾ അവിദ്യാന്ധകാരം ലോകത്തിൽ വ്യാപിച്ചു. മനുഷ്യർക്ക് ബുദ്ധിഭ്രമം പിടിപെട്ടതുപോലെയായി. അവർ തോന്നുംപടി മതങ്ങൾ പ്രചരിപ്പിച്ചു. മത മതാന്തരങ്ങൾ തമ്മിലുള്ള വാദവിവാദങ്ങൾ നിമിത്തം ലോകത്തിൽ എന്തെല്ലാം അനിഷ്ടഫലങ്ങളുണ്ടായിട്ടുണ്ടെന്നും ഉണ്ടാകുന്നെന്നും ഉണ്ടാകുമെന്നും പക്ഷപാതരഹിതമായ വിദ്വജ്ജനങ്ങൾക്കറിയാം." ഇന്ന് സമാജത്തിൽ രൂഢമൂലമായിട്ടുള്ള മിഥ്യാസങ്കൽപ്പങ്ങളുടെ യഥാർത്ഥ രൂപം ജിജ്ഞാസുക്കൾക്ക് പരിചയപ്പെടുത്തുകയും അനാചരങ്ങളേയും അന്ധവിശ്വാസങ്ങളെയും അത് ഏതുവിഭാഗത്തിലേതായികൊള്ളട്ടെ വേദവിരുദ്ധമായ അത്തരം ആചരണങ്ങളിൽ കുടുങ്ങി തന-മന-സമയ-ധനാദികൾ നഷ്ടപ്പെടുത്തുന്നവരെ ബോധവാൻമാരാക്കുന്നതിനും അവരെ സത്യവേദങ്ങളുടെ മാർഗ്ഗത്തിലേക്ക് നയിക്കുന്നതിനുമാണ് ദയാനന്ദ സന്ദേശം ലക്ഷ്യമിടുന്നത്.

33 കോടി ദേവതകളെകുറിച്ചുള്ള സങ്കൽപ്പം ഹൈന്ദവരുടെ ഇടയിൽ പ്രബലമാണ്. ഈ 33 കോടി ദേവതകളുടെ പേരുകൾ എണ്ണി തിട്ടപ്പെടുത്തുവാൻ ആർക്കെങ്കിലും കഴിയുമോ ? വിഷ്ണുസഹസ്രനാമത്തിൽ വിഷ്ണുവിന്റെ ആയിരം പേരുകൾ പറയുന്നുണ്ട്. എന്നാൽ 33 കോടി ദേവതകളുടെ കാര്യമെന്താണ്? ഇത് എണ്ണിതിട്ടപ്പെടുത്തുകതന്നെ സാധ്യമാണോ? ഹിന്ദുക്കൾ ബഹുദൈവ വിശ്വാസികളാണെന്ന് വരുത്തി തീർക്കാൻ ഈ 33 കോടി ദേവാതാ വാദം വിധർമ്മികൾ ശക്തമായി പ്രചരിപ്പിക്കുന്നുമുണ്ട്.

നമ്മുടെ വൈദിക ഗ്രന്ഥങ്ങളിലൊന്നും ഇത്തരത്തിൽ 33 കോടി ദേവതകളുടെ പേരുകൾ വിവരിച്ചിട്ടില്ല. മറിച്ച് 33 തരം ദേവതകളുടെ വർണ്ണനകൾ ഉണ്ടുതാനും. എന്നാൽ ഈ ദേവതകളൊന്നും ഈശ്വരനാണെന്നോ ഉപാസനായോഗ്യമാണെന്നോ എങ്ങും പറഞ്ഞിട്ടില്ല. അജ്ഞതയാലാണ് ചിലർ ഈ ദേവതകളെ ഈശ്വരൻമാരായി ചിത്രീകരിച്ചത്. ദിവ്യഗുണമുള്ളവയെയാണ് ദേവത എന്നും പറയുന്നത്. '33 കോടി' എന്നതിലെ 'കോടി'ക്ക് രണ്ടർത്ഥമുണ്ട്. ഒന്ന് കോടി സംഖ്യ അഥവാ എണ്ണം എന്നാണ്. മറ്റൊന്ന് 'തരം-വിഭാഗം' എന്നാണ്. 'ഉച്ചകോടികാവിദ്വാൻ', 'ഉച്ചകോടികാസാഹിത്യം' എന്നൊക്കെ ഹിന്ദിഭാഷയിൽ വളരെ സാർവ്വത്രികമായി ഉപയോഗിക്കുന്ന പദങ്ങളാണ്. ഇവിടെ 33 കോടി എന്നതിന് 33 തരം ദേവതകൾ എന്നാണ് അർത്ഥമാക്കുന്നത്. വൈദിക സാഹിത്യത്തിൽ ഇവയെകുറിച്ച് പറയുന്നത് ഇങ്ങിനെയാണ്.

8 വസുക്കൾ, 11 രുദ്രന്മാർ, 12 ആദിത്യൻമാർ, 1 ഇന്ദ്രൻ, 1 പ്രജാപതി എന്നിങ്ങനെ 33 പേർ ഇവയുടെ ഒരു ചെറുവിവരണം കൂടി ആവശ്യമായി വന്നേക്കാം.

**8. വസുക്കൾ** : പൃഥി, ജലം, അഗ്നി, വായു, ആകാശം, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ എന്നിവ സൃഷ്ടിയുടെ

## വേദാദ്ധ്യയനം



*ഋഷിഃ മധുഛന്ദാഃ, ദേവതാ മിത്രാവരുണൗ*

*ഛന്ദഃ ഗായത്രീ, സ്വരഃ ഷഡ്ജഃ*

*ഋതേന മിത്രാവരുണാവൃതാവൃധാവൃതസ്പൃശാ।*

*ക്രതും ബൃഹന്തമാശാഥേ।।*

*(ഋഗ്വേദം 1. 2. 8)*

**പദാർത്ഥം:** (ഋതേന) സത്യസ്വരൂപബ്രഹ്മനിയമത്താൽ ബന്ധിതനായി (ഋതാവൃധൗ) ബ്രഹ്മജ്ഞാനത്തേ വർദ്ധിപ്പിക്കുന്ന ജലത്തേ വലിച്ചെടുക്കുകയും വർഷിക്കുകയും (ഋതസ്പൃശാ) ബ്രഹ്മത്തിന്റെ പ്രാപ്തിക്കായുള്ള നിമിത്തങ്ങൾ ഉചിതമായ സമയത്ത് ജലവൃദ്ധിയേ ഉണ്ടാക്കുന്ന; (മിത്രാവരുണൗ) നേരത്തേ പറഞ്ഞ ഇന്ദ്രനും വരുണനും (ബൃഹന്തമ്) അനേകപ്രകാരത്തിൽ (ക്രതുമ്) ജഗത്രൂപയജ്ഞത്തേ (ആശാഥേ) വ്യാപിപ്പിക്കുന്നു.

**ഭാവാർത്ഥം:** പരമേശ്വരന്റെ ആശ്രയത്താൽ മിത്രനും വരുണനും ബ്രഹ്മജ്ഞാനത്തിന്റെ നിമിത്തവും ജലത്തേ വർഷിക്കുന്നവനും ജഗത്തെങ്ങും വ്യാപിച്ച് അവയുടെ വൃദ്ധിവിനാശ, വ്യവഹാരങ്ങൾക്കായുള്ള ഹേതുവുമായിതീരുന്നു.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

**മനുർഭവ ജനയാ ദൈവ്യം ജനം** *(ഋഗ്വേദം 10.53.6)*

**മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!**

നിവാസസ്ഥാനങ്ങളായതിനാൽ വസുക്കൾ - അഷ്ടവസുക്കൾ എന്നു പറയുന്നു.

**11. രുദ്രന്മാർ** : പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ, നാഗം, കൂർമ്മം, കൃകലം, ദേവദത്തം, ധനഞ്ജയം, ജീവാത്മാവ് എന്നിവയാണ് രുദ്രന്മാർ. ശരീരം ഉപേക്ഷിക്കുമ്പോൾ രോദനം (കരയുക) ചെയ്യുന്നവയായതിനാലണ് ഇവയെ രുദ്രൻ എന്നു പറയുന്നത്.

**12. ആദിത്യന്മാർ**: കാലഗണനാനുസാരം വർഷത്തിൽ 12 മാസങ്ങളുണ്ട്. ചൈത്രം, വൈശാഖം, ജ്യേഷ്ഠം, ആഷാഢം, ശ്രാവണം, ഭാദ്രപദം, ആശ്വിനം, കാർത്തികം, മാർഗ്ഗശീർഷം, പൗഷം, മാഘം, ഫാൽഗുനം എന്നിങ്ങനെ എല്ലാവരുടെയും ആയുസ്സിനെ ബാധിക്കുന്നതാണിവ.

**ഇന്ദ്രൻ** : വൈദ്യുതിയുടെ പേരാണ് ഇന്ദ്രൻ എന്തെന്നാൽ എല്ലാ ഐശ്വര്യങ്ങളുടെയും ഹേതു.

**പ്രജാപതി** : യജ്ഞത്താൽ വായു, വൃഷ്ടി, ജലം, ഔഷധികളുടെ ശുദ്ധി, പണ്ഡിതൻമാരെ ആദരിക്കൽ തുടങ്ങിയവയും വാസ്തു വിദ്യയാൽ പ്രജകളുടെ പാലനം നടത്തുകയും ചെയ്യുന്നു.

ഈ 33 പേർ തങ്ങളുടെ ഗുണങ്ങളാൽ ദേവതകൾ എന്നറിയപ്പെടുന്നു. ഇവയുടെയെല്ലാം സ്വാമിയും എല്ലാവരെക്കാളും വലിയവനുമായ സച്ചിദാന്ദനായ പരമാത്മാവ് 34-ാമത്തെ <u>ഉപാസ്യനായ</u> ദേവനായി പറയുന്നു. ദേവന്മാരുടെ ദേവനായതിനാൽ പരമേശ്വരനെന്നും ജഗത്തിന്റെ ഉത്പത്തി സ്ഥിതി, പ്രളയം എന്നിവ നടത്തുന്നവനും ന്യായകാരിയും അധിഷ്ഠാതവുമായതിനാൽ മഹാദേവനെന്നും പറയുന്നു. സത്-ചിത്-ആനന്ദ സ്വരൂപനായതിനാൽ അദ്ദേഹം മാത്രമാണ് ഉപാസനക്ക് യോഗ്യൻ. മറ്റൊന്നുമല്ല.

*(പത്രാധിപർ)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# യജ്ഞത്തിന്റെ വൈജ്ഞാനിക വിശ്ലേഷണം

*ഡോ.രാംപ്രകാശ്*



**ത**ടി എരിയുമ്പോഴുണ്ടുകുന്ന ചാരം ഒരു ശതമാനത്തിനു താഴെയേ വരികയുള്ളു. അതിൽ കാൽസ്യം, പൊട്ടാസ്യം മഗ്നീഷ്യം, കുറച്ച് അലുമുനിയം, ഇരുമ്പ്, സോഡിയം, ഫോസ്ഫറസ്, മാംഗനീസ്, ഗന്ധം എന്നിവയും ഉണ്ടായിരിക്കും.

നെയ്യ് - നെയ്യ് തീ പ്രജ്ജ്വലിപ്പിക്കാനുള്ളതാണ് മറ്റ് എണ്ണ വകകൾകൊണ്ടും തീ ജ്വലിപ്പിക്കാമെങ്കിലും നെയ്യ് കത്തുമ്പോൾ ഹാനികരങ്ങളായവയൊന്നും ഉണ്ടാകുന്നില്ല. ഇതിനെകുറിച്ച് ഡോ. ഫുന്ദൻലാൽ അഗ്നിഹോത്രി വളരെ പരീക്ഷണങ്ങൾ നടത്തിനോക്കി. അദ്ദേഹം ജബൽപൂർ TB സാനിട്ടോറിയത്തിലെ TB രോഗികളെ യജ്ഞം കൊണ്ട് ചികിത്സിച്ചുനോക്കി. അദ്ദേഹത്തിന്റെ അനുഭവത്തിൽ പശുവിൻ നെയ്യ് ഉപയോഗിച്ച് യജ്ഞം ചെയ്തവർക്ക് വളരെ വേഗം രോഗം ഭേദമായി. എന്നാൽ എരുമ നെയ്യ് ഉപയോഗിച്ചവർക്ക് രോഗം ഭേദമാകാൻ കാലതാമസം നേരിട്ടു. ഡാൽഡാകൊണ്ട് യജ്ഞം ചെയ്തവരുടെ രോഗം വർദ്ധിക്കുകയാണുണ്ടാത്.

നെയ്യ് ഗ്ലിസറോളും കാർബോക്സിലിക് അംമ്ലങ്ങളും ചേർന്നുണ്ടാകുന്നവയാണ്. അതിലെ അമ്ലങ്ങളിൽ പാമിട്രിക്, ഒലിക്, മിരിസ്റ്റിക്, സ്റ്റിയറിക്, ലീനാലീക് എന്നിവ പ്രധാനമാണ്. ഗ്ലിസറോൾ കത്തുമ്പോൾ ജലഹരണവും ഓക്സീകരണവുമാണ് ഉണ്ടാകുന്നത്. ഗ്ലിസറോണിന്റെ പരമാണുക്കളിൽ നിന്ന് ജലാംശം പോയി കഴിയുമ്പോൾ അക്രോളിൻ ഉണ്ടാവുകയും അത് ഓക്സീകൃതമാകുമ്പോൾ ഫാർമെൽഡീ ഹൈഡ് ഉണ്ടാവുകയും ചെയ്യുന്നു.

ഗ്ലിസറാളിന്റെ ഓക്സീകരണം കൊണ്ട് ഗ്ലിസർ ആൻഡി ഹൈഡ്, ഗ്ലിസറിക് അമ്ലം തുടങ്ങിയ പല പദാർത്ഥങ്ങളും ഉണ്ടാകുന്നുണ്ട്.

**ഹവ്യസാമഗ്രി** - തീ നല്ലതുപോലെ കത്തുമ്പോഴാണ് ഹവനസാമഗ്രികൾ ആഹുതി ചെയ്യുന്നത്. വയമ്പ്, ചന്ദനം തുടങ്ങിയവ തടികത്തുന്നതുപോലെ തന്നെ കത്തി കൂടുതൽ താപം തരുന്നു. എള്ള് കത്തുമ്പോൾ ഗ്ലിസറോളും ഇലേ ഇഡിക്കും സ്റ്റയറിക് അമ്ലവുമാണ് ഉണ്ടാകുന്നത്. തേങ്ങ, ഗ്രാംമ്പൂവ്, യവം, അരി, കിരിയാത്ത് എന്നിവ കത്തുമ്പോഴും ഈ മാതിരി പദാർത്ഥങ്ങൾ ഉണ്ടാകുന്നുണ്ട്. ഹവനസാമഗ്രിയിൽ കാർബോഹൈഡ്രേറ്റിന്റെ രണ്ടുഭാഗങ്ങളാണ് സ്റ്റാർച്ചും ശർക്കരയും. ധാന്യങ്ങൾ കത്തുമ്പോൾ സ്റ്റാർച്ചും ശർക്കര കത്തുമ്പോൾ ശർക്കരയുടെതന്നെ പരമാണുക്കളും ഉണ്ടാകുന്നു. തേൻ, പാൽ, അകിൽ, ഗ്രാമ്പൂവ്, മുന്തിരിങ്ങ എന്നിവയിൽ ധാരാളം ശർക്കരയുണ്ട്. ഇവ കത്തുന്നതുമൂലം ആരോഗ്യത്തിന് ആവശ്യമായ ഗ്യാസ് ആണുണ്ടാകുന്നത്. ശർക്കര കത്തുമ്പോഴുണ്ടാകുന്ന ഫാർമൽ ഡിഹൈഡ് കൃമികളെ നശിപ്പിച്ച് വായുവിനെ ഉപയോഗയോഗ്യമാക്കി തീർക്കുന്നു.


ശർക്കരയുടെ ശാസ്ത്രീയനാമം 'സൂക്രോസ്' എന്നാണ്. 210 ഡിഗ്രി സെൽഷ്യസ് ചൂടാക്കിയാൽ ഇതിലെ ജലാംശം മാറികിട്ടും. പിന്നെയും ചൂടാക്കിയാൽ കാർബൺഡൈയോക്സൈഡ്, കാർബൺ മോണോക്സൈഡ് തുടങ്ങിയ പലവിധ അമ്ലങ്ങളും ഉണ്ടാകും.

*(തുടരും)*

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ** *(യജു. 40-2)*

നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

*– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*

*തർജ്ജമ: കെ.എം. രാജൻ*

### ആശ്രമ ധർമ്മം

### പാഠം- 6

***ചോദ്യം:*** മനുഷ്യന്റെ സാധാരണ ആയുസ്സ് എത്രകാലമാണെന്നാണ് ശാസ്ത്രഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നത് ?

***ഉത്തരം:*** മനുഷ്യരുടെ ആയുസ്സ് സാധാരണഗതിയിൽ 100 വർഷം എന്നു പറയാം. നമ്മൾ സന്ധ്യാവന്ദനം അനുഷ്ഠിക്കുമ്പോൾ ചൊല്ലുന്ന ഒരു പ്രാർത്ഥനാമന്ത്രത്തിൽ "ജീവേമ ശരദഃ ശതമ്"എന്നു പറയുന്നു. നൂറു വയസ്സുവരെ ജീവിക്കുമാറാകട്ടെ എന്നർത്ഥം. "ശതായുർവ്വൈ പുരുഷഃ" പുരുഷന് 100 വരെ ആയുസ്സ് എന്നും പ്രസിദ്ധമാണ്.

***ചോദ്യം :*** ഈ ആയുസ്സിനെ എത്ര ഭാഗങ്ങളായാണ് തിരിച്ചിരിക്കുന്നത് ?

***ഉത്തരം :*** നാലു ഭാഗങ്ങളായി

***ചോദ്യം :*** ആ നാലു ഭാഗങ്ങളെ ഏതു പേരിലാണ് അറിയപ്പെടുന്നത് ?

***ഉത്തരം :*** ഈ നാലുഭാഗങ്ങളെ ആശ്രമങ്ങൾ എന്നാണ് പറയുന്നത്.

***ചോദ്യം :*** ഈ നാലാശ്രമങ്ങൾ ഏതൊക്കെയാണ് ?

***ഉത്തരം:*** ഇവ യഥാക്രമം ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം, സന്യാസം എന്നിങ്ങനെയാണ്.

***ചോദ്യം :*** ഈ നാലാശ്രമങ്ങളിലായി ആയുസ്സിനെ ഭാഗിച്ചതിന്റെ ഉദ്ദേശ്യമെന്താണ് ? അതിന്റെ ഗുണമെന്താണ് ?


***ഉത്തരം :*** മനുഷ്യന് സ്വയം ഉന്നതി പ്രാപിച്ച് എല്ലാ പ്രകാരത്തിലുമുള്ള ഉന്നതിക്കായി പരിശ്രമിച്ച് – ഇത് വളരെ സാവകാശത്തിലെ സാധിക്കുകയുള്ളൂ. വിദൂരസ്ഥലത്തേക്ക് യാത്രചെയ്യുമ്പോൾ മാർഗ്ഗമദ്ധ്യേ പല കയറ്റിറക്കങ്ങളും ഉണ്ടാകുമല്ലോ. അവിടവിടങ്ങളിൽ സാവകാശപൂർവ്വം വിശ്രമിച്ച് ഉദ്ദിഷ്ടസ്ഥലത്ത് എത്തിച്ചേരുന്നു. ഇപ്രകാരം മനുഷ്യജീവന്റെ അന്തിമ ലക്ഷ്യത്തിലെത്തുന്നതിന് ഈ നാലു വിഭാഗങ്ങൾ ജീവിതത്തിലെ നാലുഘട്ടങ്ങൾ ആണ് എന്ന് മനസ്സിലാക്കുക.

***ചോദ്യം :*** മനുഷ്യജീവന്റെ അന്തിമലക്ഷ്യമെന്താണ് ?

***ഉത്തരം :*** മനുഷ്യ ജീവന്റെ അന്തിമമായ ലക്ഷ്യം സർവ്വപ്രകാരത്തിലുമുള്ള ദുഃഖങ്ങളും അജ്ഞാനവും അശാന്തിയും തരണം ചെയ്ത് പരമാനന്ദപരമായ മോക്ഷത്തേ പ്രാപിച്ച് സദാ സുഖ-ശാന്തി-ആനന്ദത്തോടെ ജീവിക്കുകയും എല്ലാവിധ ബന്ധങ്ങളിൽ നിന്നും മോചനം നേടലുമാണ്.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*




*അദ്ധ്യായം 2*

# അസ്യവാമീയ സൂക്തം

**(ഋഗ്വേദം 1–164**

ഋഗ്വേദത്തിൽ വളരെ പ്രശസ്തമായ സൂക്തംമാണ്. ഒന്നാം മണ്ഡലം നൂറ്റിഅറുപത്തിനാലാമത്തെ സൂക്തം 'അസ്യമാവാസ്യ പലിതസ്യ' എന്നു തുടങ്ങുന്ന ഈ സൂക്തത്തിന്റെ ആദ്യകാല പ്രചാരകൻ ദീർഘതമസ്സ് ഋഷിയാണ്. ഇതിൽ പരമാത്മാവ്, പ്രകൃതി, ജീവാത്മാവ് എന്നീ മൂന്ന് നിത്യവസ്തുക്കളുടെ പരസ്പരബന്ധത്തേക്കുറിച്ചുള്ള അത്ഭുതകരമായ ആശയങ്ങളെ കണ്ടറിഞ്ഞു മനസ്സിലാക്കാം. 52 മന്ത്രങ്ങൾ ഉള്ള ഈ സൂക്തത്തെ അവിടെവിടെ ഭാവാർത്ഥം കൊടുത്തും മുഖ്യമായ ചില മന്ത്രങ്ങളെ ഉദ്ധരിച്ചും ഈ പഠനത്തിൽ കൊടുത്തിരിക്കുന്നു. ഇതിന്റെ സംസ്കൃതം മൂലം മനഃപാഠം ചെയ്തവർ ഇതിനെ ഒരു മധുരകാവ്യമെന്നെ പ്രശംസിക്കുന്നുള്ളു.

**ലോകം**

1. *ഓം അസ്യ വാമസ്യ പലിതസ്യ*
*ഹേതുസ്തസ്യ ഭ്രാതാ മധ്യമോ അസ്ത്യശ്നഃ*
*തൃതീയോ ഭ്രാതാ ഘൃതപൃഷ്ഠോ അസ്യാത്രാപശ്യം*
*വിശ്പതിം സപ്തപുത്രം ||* (1- 164)

ലോകത്തിൽ 3 തരം അഗ്നിയുണ്ട്. ഒന്ന് വിദ്യുത്ശക്തിയായി വാനിൽ സ്ഥിതിചെയ്യുന്നു. രണ്ടാമത്തേത് മരം മുതലായവ എരിക്കാനുള്ള അഗ്നിയാകുന്നു. ഭൂമിയിലുള്ളത് ഭൗതീകാഗ്നി. മൂന്നാമത്തേത് സൂര്യമണ്ഡലത്തിൽ ഉള്ള എല്ലാറ്റിനേയും പരിപാലിക്കുന്ന ചൂടുപകർന്നു പ്രകാശിക്കുന്ന തേജോമയ സൂര്യരൂപാഗ്നി. സൂര്യന്റെ ഈ അഗ്നിയിൽ സപ്തപുത്രം എന്നു പേരുള്ള ഏഴു കിരണങ്ങൾ ഉണ്ട്.

2. ഈ മൂന്ന് അഗ്നിതത്ത്വങ്ങളെ മനുഷ്യർ അവരുടെ കർമ്മങ്ങൾക്കായി പ്രയോജനപ്പെടുത്തി പുരോഗമിക്കുക.
3. ഇവയിൽ സൃഷ്ടി-സ്ഥിതി-സംഹാരം എന്നീ ഗുണങ്ങൾ കൊണ്ട് പ്രാണരൂപമായ ശക്തിയും ഉണ്ടെന്നറിയുക.

**വിദ്വാന്മാരോട് സമ്പർക്കം**

4. ബാല്യ-യുവാവസ്ഥകളിൽ ജ്ഞാനികളോട് സമ്പർക്കം പുലർത്തി നല്ല വിദ്യാഭ്യാസം മനുഷ്യർ നേടുക.
5. അറിവില്ലാത്തവർ അറിവുള്ളവരിൽ നിന്ന് കേട്ടു മനസ്സിലാക്കുക.

**വസ്തുക്കൾ**

6. അതാതിന്റെ ഗുണം കൊണ്ട് ലോകത്തിൽ ഓരോന്നും സ്വതന്ത്രമായി വർത്തിച്ചാലും. നമ്മുടെ നിലപാടുകൾ സ്വീകരിക്കാൻ മറ്റുള്ളവയെ അനുസരിക്കയും ചെയ്യുന്നു എന്നുള്ള അറിവ് വേണം.

7. സൂര്യന്റെ ആകർഷണശക്തി കാരണമായി ഭൂമി മുതലായ ഗ്രഹങ്ങൾ സ്ഥിരമായി അതാതിനുള്ള വഴിയിൽ ചുറ്റുന്നു.

*(തുടരും)*

**മാതാഭൂമിഃ പുത്രോഹം പൃഥിവ്യാഃ ആനോ ഭൂമിർ വർദ്ധയാദ് വർദ്ധമാനാ** *(അഥർവ്വം. 12.1.12.13)*

ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്. ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റെയും ഉൽക്കർഷം

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ?= സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**സ**ത്ത്വതമോഗുണങ്ങളുടെ സമതുലുതാവസ്ഥയേയാണ് പ്രകൃതി എന്നു പറയുന്നത്. ജഡമായ പ്രകൃതി അചേതനമാണ്. അതിനെ കർമ്മനിരതമാക്കാൻ ചേതനയുടെ പ്രേരണ ആവശ്യമാണ്. 'മർത്തേഷ്വഗ്നിരമൃതോ നിധായി' (ഋഗ്വേദം 10.45.7). ചേതനമായിട്ടുള്ളത് ഈശ്വരനും ആത്മാക്കളുമാണ്. ഈശ്വരൻ ഒന്നേയുള്ളു. എന്നാൽ ആത്മാക്കൾ അനേകമുണ്ട്. അൽപ്പജ്ഞരായ ആത്മാക്കൾക്ക് സൃഷ്ടി രചന അസാധ്യമാണ്. അപ്പോൾ അവശേഷിക്കുന്ന ചേതന സർവ്വവ്യാപിയും സർവ്വജ്ഞനുമായ ഈശ്വരൻ മാത്രമാണ്. ഈശ്വരപ്രേരണയാൽ സത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥക്ക് ഭംഗം സംഭവിക്കുന്നു. അതായത് വലിയൊരു ക്ഷോഭത്തോടെ പ്രകൃതിയിൽ ചലനങ്ങൾ സൃഷ്ടിക്കുപ്പെടുകയും അവിടെ നിന്ന് സൃഷ്ടിയുടെ പ്രാരംഭം കുറിക്കപ്പെടുകയും ചെയ്യുന്നു.

സത്വരജസ്തമസാം സാമ്യാവസ്ഥാ പ്രകൃതിഃപ്രകൃതേർമഹാൻ
മഹതോഹംകാരാത് പഞ്ചതന്മാത്രാണ്യുഭയം തന്മാത്രേഭ്യഃ
സ്ഥൂലഭൂതാനി പുരുഷ ഇനി പഞ്ചവിംശതീർഗണഃ||
(സംഖ്യ ദർശനം 1- 26)

## മൂലപ്രകൃതി

(സത്വരജസ്തമോ ഗുണങ്ങളുടെ സാമ്യാവസ്ഥ)
മഹത് തത്ത്വം (ബുദ്ധി)
അഹങ്കാരം
സാത്വികം | രാജസികം | താമസികം
ബാഹ്യേന്ദ്രിയം | ആന്തരിക ഇന്ദ്രിയം | പഞ്ചതന്മാത്രകൾ (ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം)
പഞ്ചമഹാഭൂതം (ആകാശം, വായു, അഗ്നി, ജലം, ഭൂമി)
അഞ്ചുകർമ്മേന്ദ്രിയങ്ങൾ (കൈയ്യ്, കാല്, ഗുപ്തേന്ദ്രിയങ്ങൾ) | അഞ്ചുജ്ഞാനേന്ദ്രിയങ്ങൾ (ചെവി, ത്വക്ക്, കണ്ണ്, മൂക്ക്, നാവ്)

*(തുടരും)*

*(Continued from previous issue)*

# ARYA SAMAJ CALLING YOU

***- By Baleswar Muni***



**Dayananda said "Back to the Vedas"**

**S**wami Dayanand's arguments about Vedas were genuine and authentic. He said that Vedas were divine and had been revealed in the beginning of the universe. God could not have made people and left them without light. Further, he says that the Vedas came in the beginning of the creation, therefore they (Vedas) did not have references to historical persons and events.

The teachings of Swami Dayanand revolutionized the whole realm of Hindu thought. When he first proclaimed that idolatory was against the Vedas, even the great Pandits were taken by surprise. They wondered as to what actual Vedas were. Today, Hinduism has degenerated to accommodate atheists, theists, materialist and spiritualists etc. But the Arya Samaj follows and preaching the philosophy of the holy Vedas. It preaches monotheism but not monism. There is only one God. But God is not the only existence. There are other existence as well as though God is supreme. the identity of souls with God is erroneous. The souls are also eternal as God, but they (souls) are finite in power, knowledge and magnitude. They are not all knowing, all pervading and all powerful. Besides, there is one more thing, called matter, which is also eternal. Matter and souls are the material causes of universe, while God is the creator. Just as the potter makes his pots out of earth. So God does not creates the universe out of primordeal matter. Had there been God alone, there was neither possibility or purpose of creating anything. The creator can not be the material cause as nothing can be made out of nothing. The non-believe that nothing can be created without a cause that God is the creator, that same is the material cause too. Swami Dayanand reject this view as he does not find any example in the universe which might support the view that a doer can ever be a material cause.

**Arya Samaj made huge contributions in removing three great superstitions like:**

a) Undue importance to Guru as the mediator between man and God.
b) Multiplicity of God in Gods
c) Replacement of formless God with dubious human characters appearing in the shape of swamis, mahatmas, bhagwans and so on.

**Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 31-2)**
There is no measure, no image of that GOD whose name is Great

**Vedic concept of God**

On the basis of Vedas, Swami Dayanand propounded that the God is omniscient, eternal and all pervading. He is the Originator and Controller of the all moving or stationary things. All movements originate from Him. All movements are controlled by him. Swami ji further says that one who see all being in God does not come to grief. He is bliss. He is pure. He is formless. He is Free from sins. He is Wise, intelligent and Self Existent.

The Supremacy of God has been explained in many verses of the Vedas. In this verse overall fatherhood of God is clearly mentioned. Our mortal father begets us, supports us and gives us name. Similarly God makes the world support it and gives all things their names.

On the basis of the Vedas Swami Ji asserts that OM or God is unchangeable. All this Universe is His manifestation. The sun, the moon even every leaf of the tree or every finger of a man is his manifestation. Those who do not see God in everything in this universe can hardly see him in the form of a particular man who is subject to all human limitations.

Swami ji further says that God is perfect, therefore, universe is perfect. From the perfect emanates the perfect. In fact, there is nothing so small that does not excite the wonder of man. The great Taj Mahal, the great pyramids or other wonders of world are nothing in comparison with the smallest leg of smallest ant. Only the eye is wanted to see it; soul is wanted to appreciate it.

**RELATIONSHIP WITH GOD**

Swami Dayanand informs people that all mediator ship between man and God should be removed. If God is the Father and we are his sons, what is the need of any mediation between him and his children ? If God loves us as our mother, or much more, let us go direct to his lap. Let us feel that we are with him and he is with us. All worships that are done through a third party, whether it be a man or any other object should go. God should appear to us as God and as none else.

The holy Vedas laud the Supremacy of God. Swamiji further says, it is utterly wrong to say that religion better say dharma according to Vedic doctrines relates only to one phase of life. Dharma touches every aspect of life. The Vedas cover every department of life. Their love for nature is proverbial. If you read the Vedas you can not bur be impressed with the beauties of universe. Lordly mountains, gliding streams, spacious firmaments, they all inspire. They create in the reader's mind not a hatred but a peculiar love towards the great work of Great God. The Vedas sing of him as he is our Father, Life Giver and kin as well. God is ours. Vedas further say May sun protect us from above, May air protect us from the side, may fire protect us below.

**"Vedas want us to be Rich and self dependent"**

Wealth is perhaps, the most important sign of wordly prosperity. Riches are not a curse and therefore nowhere have they been condemned or rich man reviled (abused). The Vedas do not say like a Bible that for camel it is possible to pass through the eyes of needle, but for a rich man it is impossible to enter the heaven. The Vedas extol wealth and rightly so :

"Let us be the lord of wealth

O' lord, give unto us, wide, big

life lasting, indestructible wealth

Consisting of cows and corn"

All the quotation show that Vedas, enjoins us to look the world in the face; to rise up to the situation and to try to possess all wordly powers so that we may be dependent upon none and living successfully in the world may pass peacefully to ex-wordly bliss.

**Teachings of Arya Samaj**

The Arya Samaj believes that God gives in the beginning os every cycle of creation. His divine message in the form of Vedas for the spiritual and material (physical) guidance of man, just as he gives the sun as the material light. The Arya Samaj says that religion was in its perfect form during Vedic period. No change for the better has taken place since then though in several points it has deteriorated. Arya Samaj does not allow any mediator ship between soul and God, either in the form of prophet or a son. Arya Samaj does not allow any mediator ship between soul and God, either in the form of prophet or a son. Arya Samaj teaches only spiritual fatherhood of God and not material.

Arya Samaj teaches the equality of woman with man, and kinship of all animal worlds. The temples of Arya Samaj are ever open for all including depressed classes. Even the right of wearing the sacred Thread (*yagapaveet*) has been given to them. The first thing discovered by Swami Dayanand was that Vedic Varnas (the classification of caste system) did not depend upon birth. In the fourth samulas of his great book Satyarth Parkash, he discusses at great length that son of Shudra become Brahmin by learning Vedas and Aarsh literature and improving his deeds. He defines Shudra as one who has not received the benefit of education, or one that was given all possible education but could not be educated for personal disability.

Arya Samaj believes that Vedas are meant for all ages and for all people, men and women, high and low. They read the Vedas loudly in the meetings, they teach them to any one who may be willing to do so. They bring out cheap edition of Vedas so that all people may understand what is in them. Every Arya Samajist feels proud to have Vedas in his house.

**(To be continued)**

**Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 330.3)**

Let not a brother hate his brother and let not a sister hate her sister

*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**



**"എ**ന്റപ്പൂ ! വാശിപിടിക്കരുത്, ഞാൻ വേഗം വരാം ട്ടോ. ദേയ് കേക്കണുണ്ടോ – വികൃതികാട്ടി തല്ലുമേടിക്കരുതേ. എനിക്ക് നിന്നെ കാണാണ്ടിരിക്കാൻ വയ്ക്കോ ? നീയില്ലാതെനിക്കുറക്കം വരില്ല്യ.... ഉം ? പേടിക്കണ്ട. ഞാൻ നാളെ തന്നെ വരും. എന്താ വരുമ്പോ കൊണ്ടുവരേണ്ടത് ? അമ്മ പുറത്ത് തലോടി സോപ്പിട്ട് നടന്നകന്നു. കഠിനമായ വെറുപ്പും വിദ്വേഷവും സങ്കടവും കൊണ്ടു ഞാൻ വീർപ്പുമുട്ടുകയായിരുന്നു. പക്ഷെ അമ്മം കടിച്ച് എല്ലാവികാരസ്രോതസ്സുകളേയും അണകെട്ടി തടഞ്ഞു ഞാനെന്റെ പരിപാടിയുടെ വിജയത്തിന് വേണ്ടി.

തുണക്കാരത്തി മുത്തശ്ശി ചക്കണാത്തു ലക്ഷ്മിയമ്മ മുന്നിലും അമ്മയും ഓപ്പോളും പിന്നിലുമായാണ് യാത്ര.

ഇല്ലത്തിന്റെ വടക്കുപാടമാണ്. ആ പാടം കടന്നാൽ പറമ്പായി. പറമ്പിൽ കയറും വരെ മുറ്റത്തുനിന്നു നോക്കിയാൽ കാണാം. അങ്ങിങ്ങായി പേരാലുകളും അരയാലുകളും മറ്റു പടുമരങ്ങളുമുണ്ട് പറമ്പിൽ. അവർ പാടം കടന്ന് പറമ്പിലേക്ക് കയറി. ഞാൻ നാലുപുറവും നോക്കി. ആരു കാണുന്നില്ല. പിടക്കുന്ന നെഞ്ചും കാളുന്ന വയറുമായി ഞാൻ ഒരു തോർത്തെടുത്ത് പാടത്തേക്കിറങ്ങി. കാണുന്നുണ്ടാവുമോ വല്ലവരും ? പിന്നാക്കവും ഇടവും വലവും കണ്ണോടിച്ചു. പാളിപ്പതുങ്ങി ഞാൻ ആ പറമ്പിൽ കയറി. ഹാവൂ! രക്ഷപ്പെട്ടു. സമാധാനമായി. ഇനി അത്ര വേഗം കണില്ല. അമ്മയേയും കൂട്ടരേയും നോക്കി. ഏകദേശം ഒരു ഫർലോങ്ങോളം ദൂരത്താണവർ. മരങ്ങളുടെയും ചെടികളുടെയും മറപറ്റി അവരും ഞാനും തമ്മിലുള്ള ദൂരം കൂടാതെയും കുറയാതെയുമിരിക്കാൻ മനസ്സിരുത്തി ഞാനും നടന്നു.

പറമ്പുകഴിഞ്ഞാൽ ഒരു കഷണ്ടി മണ്ടക്കൊത്ത മൊട്ടക്കുന്ന്. അതിന്റെ അപ്പുറത്തൊരു തോടുണ്ട്. തോടെന്ന് പറയാമെങ്കിലും ഒരു പുഴക്കൊത്ത വീതിയും കുണ്ടും കാണും. അവർ തോട്ടിന്റെ വക്കത്തെത്തിയിരിക്കുന്നു. തുലാവർഷാരംഭകാലമഴ വിട്ടിട്ടില്ല. തുലാവർഷകാറ്റും, മൺസൂൺ കാറ്റും തമ്മിലുള്ള വടംവലി കാലം. മുതിർന്നവർക്കുതന്നെ അരക്കുമീതെ മുലയേക്കാളം ഉണ്ടാകും വെള്ളം. തോട് ഒറ്റക്ക് കടക്കാൻ ധൈര്യം പോരാ. അവരിനി എന്നെ കണ്ടാൽ മടങ്ങിപ്പോരില്ലെന്ന് കരുതി ഞാൻ അവരുടെ അടുത്തെത്താൻ ഓടി. അവർ തോട്ടിലേക്കിറങ്ങാൻ ഭാവിക്കുകയാണ്. ഞാനും ഒപ്പമെത്തി, എതിരാളിയേ തോൽപ്പിച്ച് ഉണ്ടിക്ക് വിധേയനാക്കിയ ഗോട്ടി വിദഗ്ധനേപ്പോലെ.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## മൂന്നാം പ്രഭാഷണം (ധർമ്മാധർമ്മം)




**വാ**ചിക കർമ്മങ്ങളിൽ 4 തരത്തിലുള്ള അധർമ്മങ്ങളുണ്ട്. സംസാരിക്കുന്നതിലൂടെയുള്ളതാണിത്. അവ

1. **പാരുഷ്യം അഥവാ കഠോരമായ ഭാഷണം:–** എല്ലാ സമയവും മൃദുഭാഷണം ചെയ്യുന്നതാണ് മനുഷ്യർക്ക് ഉചിതമായിട്ടുള്ളത്. അന്ധനായ ഒരു വ്യക്തിയേ 'കണ്ണുപൊട്ടാ' എന്നു വിളിക്കുന്നത് നിസ്സന്ദേഹം സത്യമാണെന്ന് പറയാം. പക്ഷെ കഠോരമായ പദപ്രയോഗമായതിനാൽ അത് അധർമ്മമാണ്.

2. **അനൃതം** : അസത്യഭാഷണമെന്നാൽ കള്ളം പറയുക എന്നതാണ്.

3. **പൈശൂന്യം :** ആക്ഷേപിക്കുക അപവാദം പറയുക.

4. **അസംബന്ധ പ്രലാപം** : മനഃപൂർവ്വം പരസ്പരബന്ധമില്ലാത്ത കാര്യങ്ങളെ കുറിച്ച് പരത്തി പറയുക.

**ശാരീരിക അധർമ്മം 3 ആണ്.**

| | |
|---|---|
| 1. അദത്താനാമുപാദാനം | – മോഷണം |
| 2. ഹിംസ | – എല്ലാതരത്തിലുമുള്ള ക്രൂരകൃത്യങ്ങൾ |
| 3. പരദാരോപസേവ | – വ്യഭിചാരവൃത്തി |

ഏതൊരുമനുഷ്യനാണോ തന്റെ പാടത്ത് കൃഷിയിറക്കുന്നതിനു പകരം മറ്റുള്ളവരുടെ കൃഷിയിടങ്ങളിൽ വിത്തു വിതക്കുന്നത് അയാളെ വിഡ്ഢി എന്നല്ലാതെ എന്താണ് വിളിക്കുക. സ്വന്തം വീര്യം അയോഗ്യമായിടത്ത് സ്ഥാപിക്കുന്നവൻ മഹാവിഡ്ഢി തന്നെയാണ്. നാം പൈസ നൽകി അങ്ങാടിയിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതിലും വ്യഭിചാരമില്ലേ എന്ന് ചിലർ ചോദിച്ചേക്കാം. എന്നാൽ ഏതാനും തുട്ടുകൾക്കായി അമൂല്യമായ സ്വന്തം വീര്യം കച്ചവടം ചെയ്യുന്നവർ മഹാവിഡ്ഢികൾ തന്നെയല്ലേ ?

**ധർമ്മത്തിന് മൂന്ന് തൂണുകളുണ്ട്.**

**യജ്ഞം, അധ്യയനം, ദാനം** എന്നിങ്ങനെ

ത്രയോ ധർമ്മസ്കന്ധാഃ യജ്ഞോധ്യയനം ദാനമിതി

(ഛന്ദോഗ്യോപനിഷത്ത് 2.23.1)

**യജ്ഞം** : ഹോമം എന്നു പറയാം. യജ്ഞാനുഷ്ഠാനത്താൽ വായുശുദ്ധീകരണം നടക്കുന്നതുകൊണ്ട് നല്ല മഴ ലഭിക്കുന്നു. മീമാംസയിലും ബ്രാഹ്മണാദി ഗ്രന്ഥങ്ങളിലും മന്ത്രമായി ദേവതകളെ അംഗീകരിച്ചിട്ടുണ്ട്. വിഗ്രഹവതി ദേവതകളെ കുറിച്ച് എങ്ങും പറഞ്ഞിട്ടില്ല.

അംഗീകരിച്ചിട്ടുമില്ല (മീമാംസ 1.1.1). ഈ വ്യവസ്ഥ വഴി ശാസ്ത്രകാരൻമാർ നിരവധി വഴക്കുകളെ ഇല്ലായ്മ ചെയ്തു എന്നാൽ

*യജ്ഞേന യജ്ഞ മയജന്ത ദേവാഃ| (ഋഗ്വേദം 10.90.16)*

ഈ പുരുഷസൂക്ത ഋചയുടെ വ്യവസ്ഥ ഉണ്ടാകുന്നത് വളരെ കഠിനമാണ്.

അധ്യയനം : ബാലൻമാർക്ക് വിദ്യാഭ്യാസം കൊടുക്കുന്നതുപോലെ ബാലികമാർക്കും നൽകണം.

*പതിസേവാ ഗുരൗ വാസോ ഗൃഹാർത്ഥോഗ്നി പരിഷ്ക്രിയാ|*

ഇവിടെ ഗുരൗ വാസഃ എന്നതിന് ഗുരുവിന്റെ സമീപത്ത് അധ്യയനത്തിനായി താമസിക്കണമെന്നാണർത്ഥം. എന്നാൽ 'കുല്ലുക ഭട്ടൻ' പതിയുടെ വീട്ടിൽ താമസിക്കുക എന്ന തെറ്റായ അർത്ഥം നൽകി പ്രചരിപ്പിച്ചിട്ടുണ്ട്. ഇത് അനർത്ഥമാണ്.

പ്രാചീനകാലത്ത് ആര്യസ്ത്രീകൾ ഉൽകൃഷ്ടരീതിയിൽ പഠനം നടത്തിയിരുന്നു എന്ന് ആര്യൻമാരുടെ ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയും. സ്ത്രീകൾ ആജന്മബ്രഹ്മചാരിവ്രതം ധാരണം ചെയ്ത് ജീവിച്ചിരുന്നു. സാധാരണ സ്ത്രീകളും ഉപനയനം നടത്തി ഗുരുവിന്റെ വസതിയിൽ വിദ്യാഭ്യാസത്തിനായി താമസിച്ചിരുന്നുവെന്നത് എല്ലാവർക്കും ബോധ്യമുള്ളതാണ്.

ഗാർഗി, സുലഭ, മൈത്രേയി, കാത്യായനി തുടങ്ങിയ ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകൾ വലിയ വലിയ ഋഷി-മുനി മാരുടെ സംശയങ്ങൾ പോലും നിവാരണം ചെയ്തിരുന്നു. എന്നിരുന്നിട്ടും 'കല്ലുക ഭട്ടൻ' പതിസേവൈവ ഗുരൗ വാസഃ എന്നർത്ഥമെടുത്തത് എവിടെനിന്നാണോവോ? അധർവ്വണ സംഹിതയിൽ സ്പഷ്ടമായി പറയുന്നത് നോക്കൂ.

*ബ്രഹ്മചര്യേണ കന്യായുവാനം വിന്ദതേ പതിമ്|*

*(അഥർവ്വവേദം 11/5/18)*

ഈ വേദവാക്യത്തെ മറികടന്ന് 'കല്ലുക ഭട്ടൻ' നൽകുന്ന അർത്ഥം ഗ്രഹിക്കുക സാധ്യമല്ല.

*(തുടരും)*

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## ആര്യോദയം 2013

### വേദസന്ദേശം എല്ലാ വീടുകളിലും എത്തിക്കുക

***സ്വാമി ആര്യവേശ്ജി***

**വേ**ദങ്ങൾ സാർവ്വത്രികമായി എല്ലാ ഭവനങ്ങളിലുമെത്തണമെന്നും ഇന്നു സമൂഹത്തിൽ കാണപ്പെടുന്ന അധാർമ്മികതയും വിഭാഗീയ പ്രവണതകളും അവസാനിപ്പിക്കാൻ വേദപ്രചാരണത്തിലൂടെ മാത്രമെ കഴിയൂ എന്നും സാർവ്വദേശിക് ആര്യപ്രതിനിധി സഭയിലെ ഉന്നത സന്യാസി ശ്രേഷ്ഠനും സാമൂഹ്യ പ്രവർത്തകനുമായ സ്വാമി ആര്യവേശ്ജി പറഞ്ഞു. വെള്ളിനേഴി ആര്യസമാജം സംഘടിപ്പിച്ച 'ആര്യോദയം 2013' എന്ന വേദപ്രചാരണ യജ്ഞം സപ്തംബർ 14 ന് പണ്ഡിറ്റ് ലേഖ്റാം നഗറിൽ (ഒളപ്പമണ്ണ മന) ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.





വേദവിരുദ്ധമായ പ്രവണതകൾക്കും സാമൂഹ്യവിപത്തുകളായ ലഹരി പദാർത്ഥങ്ങളുടെ വർദ്ധിച്ചു വരുന്ന ഉപഭോഗങ്ങൾക്കുമെതിരെ ശക്തമായ പ്രചാരണവും ബോധവൽക്കരണവും നടത്താൻ ആര്യസമാജം പ്രതിജ്ഞാബദ്ധമാണെന്നദ്ദേഹം ഊന്നി പറഞ്ഞു. ദാരിദ്ര്യവും രോഗങ്ങളും അവശതകളും മൂലം കഷ്ടപ്പെടുന്നവർക്ക് സാന്ത്വനം നൽകാനുതകുന്ന സേവാപ്രവർത്തനങ്ങൾ നടത്താനും അദ്ദേഹം ആഹ്വാനം ചെയ്തു. മഹർഷി ദയാനന്ദന്റെ സുന്ദരസ്വപ്നമായ കൃണ്വന്തോ വിശ്വമാര്യം എന്ന വൈദിക കാഴ്ചപ്പാട് പ്രാവർത്തികമാക്കാനുള്ള ആര്യസമാജത്തിന്റെ കർമ്മപദ്ധതി കേരളത്തിൽ ശക്തമാക്കാൻ വെള്ളിനേഴി ആര്യസമാജത്തിന് എല്ലാവിധ സഹകരണവും ആശിർവാദവും സാർവ്വദേശിക് ആര്യപ്രതിനിധി സഭയിൽ നിന്നുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. സാർവ്വദേശിക് ആര്യപ്രതിനിധി സഭയുടെ കേരളഘടകമായി വെള്ളിനേഴി ആര്യസമാജത്തിന് അംഗീകാരം നൽകിയതായി അദ്ദേഹം നിറഞ്ഞസദസ്സിനു മുമ്പാകെ പ്രഖ്യാപിച്ചു. സപ്തംബർ 13 ന് വൈകീട്ട് ചെർപ്പുളശ്ശേരി പ്രസ്സ്ക്ലബ്ബിൽ നടത്തിയ പത്രസമ്മേളനത്തിലും മഹർഷി ദയാനന്ദന്റെ ദർശനങ്ങളുടെ കാലിക പ്രസക്തിയെക്കുറിച്ച് അദ്ദേഹം ഊന്നി പറഞ്ഞു. മലയാളം സത്യാർത്ഥപ്രകാശം ഏറ്റവും ചുരുങ്ങിയ വിലക്ക് സാധാരണക്കാരിലേക്കെത്തിക്കാനുതകുന്ന ഒരു കർമ്മ പദ്ധതിക്ക് വെള്ളിനേഴി ആര്യസമാജം നടത്തുന്ന ശ്രമത്തിന് എല്ലാ ഭാവുകങ്ങളും അദ്ദേഹം ആശംസിച്ചു.

സപ്തംബർ 14 ന് കാലത്ത് 9ന് ശ്രീ. സൂരജ് പ്രകാശ് കുമാർ വാനപ്രസ്ഥി (ഫക്കീറേ ദയാനന്ദ്)യുടെ ബ്രഹ്മത്വത്തിൽ നടന്ന വിശേഷാൽ അഗ്നിഹോത്രത്തിനുശേഷം നടന്ന ഉദ്ഘാടനയോഗത്തിൽ സ്വാമി ആര്യവേശ്ജി വൈദികധ്വജാരോഹണം നടത്തി. തുടർന്ന് ധ്വജവന്ദനം നടന്നു. ചടങ്ങിൽ പ്രമുഖ സംസ്കൃത പണ്ഡിതനും വിദ്യഭ്യാസവിചക്ഷണനും വിദ്യാഭാരതിയുടെ ദക്ഷിണ ക്ഷേത്രീയ അദ്ധ്യക്ഷനുമായ ഡോ.പി.കെ. മാധവൻ സംസ്കൃതത്തിൽ നടത്തിയ അധ്യക്ഷ ഭാഷണം ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വേദപണ്ഡിതരെ ഹഠാദാകർഷിച്ചു. പണ്ഡിറ്റ് ഉമേഷ്ചന്ദ്ര കുൽശ്രേഷ്ഠ (വൈദിക് വക്താ ആഗ്ര), പണ്ഡിറ്റ് രമാകാന്ത് സാരസ്വത് (ആര്യ പ്രതിനിധി സഭ ഉത്തർപ്രദേശ്), സൂരജ് പ്രകാശ്കുമാർ വാനപ്രസ്ഥി (ഫക്കീറേ ദയാനന്ദ്, ബാംഗ്ലൂർ) എന്നിവരും സംസാരിച്ചു.

സർവ്വശ്രീ. അരുൺകുമാർ ത്രിവേദി (സെക്രട്ടറി. ആര്യസമാജം മാറത്തല്ലി), സത്യദേവ് ഗുപ്ത (സെക്രട്ടറി ആര്യ ഉപപ്രതിനിധി സഭ, ആഗ്രാ, വിജയ് അഗർവാൾ (കോശാദ്ധ്യക്ഷൻ, ആര്യ ഉപപ്രതിനിധി സഭ ആഗ്ര), രമേഷ് ചന്ദ്ര ആര്യ, സുധാകർ ഗുപ്ത, അർജ്ജുൻദേവ് മഹാജൻ, ഗുലാബ്സിംഗ് ആര്യ, കുമാരി ഭാരതി ശ്രീവാസ്തവ് എന്നിവരും

ചടങ്ങിൽ പങ്കെടുത്തു. അഗ്നിഹോത്രത്തിന്റെ ശാസ്ത്രീയ ഗുണങ്ങളെ വിവരിക്കുന്ന വെള്ളിനേഴി ആര്യസമാജം പ്രസിദ്ധീകരിച്ച സ്വർഗ്ഗകാമോ യജേത എന്ന വൈദികഗ്രന്ഥത്തിന്റെ പ്രകാശനവും സ്വാമി ആര്യവേശ്ജി നിർവ്വഹിച്ചു വിതരണം നടത്തി. വൈദിക രാഷ്ട്രഗാനത്തിനും ശാന്തിപാഠത്തിനും ശേഷം അവസാനിച്ച യോഗത്തിനു ശേഷം പ്രസാദവിതരണവും പ്രീതി ഭോജനവും ഉണ്ടായിരുന്നു.

## ദയാനന്ദ സന്ദേശം വരിസംഖ്യാ വിവരണം

ദയാനന്ദ സന്ദേശം വേദസന്ദേശത്തെ സാധാരണക്കാരിലെത്തിക്കുവാനുള്ള ഒരു എളിയ ഉദ്യമമാണ്. കഴിഞ്ഞ ഒന്നരവർഷത്തിലധികമായി ആവശ്യപ്പെടുന്നവർക്കും ഈ പ്രവർത്തനത്തെ അനുഭാവപൂർവ്വം വീക്ഷിക്കുന്നവർക്കും സൗജന്യമായും വളരെ തുച്ഛമായ ഒരു വരിസംഖ്യയോടുകൂടിയും മുടങ്ങാതെ അയച്ചുവരുന്നു. ധനശേഷിയോ സംഘടനാബലമോ ഇല്ലാതെ നടത്തുന്ന ഈ പ്രവർത്തനത്തിന്റെ പരിമിതികൾ ഏവർക്കും അറിയാമല്ലോ. അതിനാൽ സൗജന്യകോപ്പികൾ ലഭിക്കുന്നവരും വരിസംഖ്യ കുടിശ്ശിക ആയവരും മാസിക തുടർന്ന് ലഭിക്കുന്നതിന് താഴെ കൊടുക്കുന്ന വിലാസത്തിൽ M O ആയി ഉടൻ അയച്ചുതരുവാൻ അഭ്യർത്ഥിക്കുന്നു. ഒറ്റപ്രതി 5 രൂപ, വാർഷിക വരിസംഖ്യ 60 രൂപ, ദീർഘകാലം 1000 രൂപ. വരിസംഖ്യ അയക്കേണ്ട വിലാസം : കാര്യദർശി, ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി തപാൽ, പാലക്കാട് – 679 504

*(പത്രാധിപർ)*

## വെള്ളിനേഴി ഗ്രാമത്തെ ലഹരി വിമുക്തമാക്കാൻ ആര്യസമാജത്തിന്റെ കർമ്മ പദ്ധതി

ആര്യോദയം 2013 വേദപ്രചാരണയജ്ഞത്തിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി വിമുക്ത ഗ്രാമം എന്ന ലക്ഷ്യപ്രാപ്തിക്കായി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചു. ഒക്ടോബർ 5 ന് അമാവാസ്യേഷ്ടി യജ്ഞത്തോടെ ഈ ബോധവൽക്കരണ പ്രവർത്തനം ആരംഭിക്കും. അമ്മമാരുടെ നേതൃത്വത്തിൽ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ അഗ്നിഹോത്രത്തോടു കൂടിയ പ്രചാരണ പരിപാടികളും സെമിനാറുകളും നടത്തുന്നതാണ്.

*ആര്യസമാജം, വെള്ളിനേഴി*

## സ്വാദ്ധ്യായം – സൗഹൃദ ആശയ സംവാദം

മഹർഷി ദയാനന്ദ സരസ്വതിയുടെ നിർവ്വാണദിനമായ ദീപാവലി ദിനത്തിൽ വിശേഷാൽ യജ്ഞവും സ്വാദ്ധ്യായം എന്ന സൗഹൃദ ആശയ സംവാദവും ഉണ്ടായിരിക്കുന്നതാണ്. മഹർഷി ദയാനന്ദന്റെ സാമൂഹ്യ വീക്ഷണം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ സംവാദം സംഘടിപ്പിക്കുന്നത്.

*ആര്യസമാജം, വെള്ളിനേഴി*

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | ബ്രഹ്മയജ്ഞം അഥവാ സന്ധ്യോപാസന | – | ₹ 10 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95 |
| (3) | അഗ്നിഹോത്ര വിധി (സ്റ്റോക്ക് പരിമിതം) | – | ₹ 20 |
| (4) | ആര്യോദയം | – | ₹ 10 |
| (5) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10 |
| (6) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10 |
| (7) | വൈദിക നിത്യകർമ്മ വിധി | – | ₹ 20 |
| (8) | Vedas in Story form and Chaturvarnyam | – | ₹ 35 |

*(പോസ്റ്റേജ് ചിലവ് പുറമെ)*

**വൈദിക സാഹിത്യങ്ങൾ വാങ്ങുന്നതിനും അഗ്നിഹോത്രം, ഷോഡശ സംസ്കാരങ്ങൾ എന്നിവ വൈദിക വിധിയനുസരിച്ച് നടത്തുവാനും താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് സ്വന്തം വിലാസം എഴുതിയ സ്റ്റാമ്പു പതിച്ച കവർ സഹിതം താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.**

**കാര്യദർശി, ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി പി.ഒ., പാലക്കാട് 679504**

## ഉടൻ പ്രസിദ്ധീകരിക്കുന്ന വൈദിക സാഹിത്യം
### *സന്ധ്യ – അഗ്നിഹോത്രം*

വേദാദി ശാസ്ത്രങ്ങളിലൂടെ ഈശ്വരൻ നിർദ്ദേശിച്ചതും സർവ്വമാനവരും നിത്യവും അനുഷ്ഠിക്കേണ്ടതുമായ പഞ്ചമഹായജ്ഞങ്ങളുടെ ഭാഗമായ ബ്രഹ്മോപാസന അഥവാ സന്ധ്യാവന്ദനം, അഗ്നിഹോത്രം (ദേവയജ്ഞം) എന്നിവയും പൗർണ്ണമിക്കും അമാവാസിക്കും ചെയ്യേണ്ടുന്ന ദർശേഷ്ടി, ജന്മദിനാഘോഷം,വിവാഹ വാർഷികം, അക്ഷരാരംഭം എന്നീ വിശേഷാവസരങ്ങളിൽ അനുഷ്ഠിക്കേണ്ട ക്രിയകൾ, വൈദിക രാഷ്ട്രഗാനം, ഐകമത്യസൂക്തം, ഭോജനമന്ത്രം, മൃത്യുഞ്ജയ മന്ത്രം തുടങ്ങി വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം എല്ലാ ഗ്രഹങ്ങളിലും ഉണ്ടായിരിക്കേണ്ടതാണ്. മഹർഷി ദയാനന്ദ സരസ്വതി ചിട്ടപ്പെടുത്തിയ വൈദിക വിധികളുടെ മലയാള പരിഭാഷയായ ഈ മഹത്ഗ്രന്ഥം ആവശ്യമുള്ളവർ ഉടൻ കാർഡയച്ചു ബുക്ക് ചെയ്യുക.

***Be a part of Veda Prachar by distributing Vedic Literatures and donate liberally for that***

**Arya Samajam**
**Bank Account No: 4264000100071490**
IFSC Code : PUNB 0426400
**Punjab National Bank- Cherpalcheri Branch**

To

.....................................................................

.....................................................................

.....................................................................

.....................................................................

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi, Palakkad - 679504. Printed at Ambal Quick Print Shop, Palakkad. Chief Editor: Sri. K. Velayudha Arya. Owner & Editor responsible for selecting articles: K.M. Rajan. Editorial Board: T.R. Balachandran Nair, Acharya Sreedhara Shasthry, V. Govinda Das. Advisory Board: Suraj Prakash Kumar *(Fakire Dayanand)*, Brigadier (Retd) Chitranjan Sawant, Dr. Vivek Arya, Vanaprasthi Raju Poonjar,G.Sasikumar. Vyvasthapakan: P. Sivasankaran. For private circulation among members only.
E-mail: dayanandasandesam@gmail.com Visit us : aryasandesam.blogspot.in Ph: 09562529095